**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# ദൈവവിളി ദിനം 2022

## ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ മെയ് 29-ാം തീയതി ദൈവവിളി ദിനമായി നാം ആചരിക്കുന്നു. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനും പെന്തിക്കൊസ്തി തിരുന്നാളിനും മധ്യത്തിലുമായിട്ടാണ് ഈ വർഷത്തെ നമ്മുടെ ദൈവവിളിദിനം. കാത്തിരിപ്പുകാലം-വിശുദ്ധ കന്യകാമറിയവും ശിഷ്യന്മാരും ഈ പത്തുദിവസം പരിശുദ്ധാത്മാവിനായി ദാഹിച്ച് പ്രാർത്ഥിച്ച് കാത്തിരിക്കുന്നതുപോലെ ധാരാളം ദൈവവിളികൾ നൽകി സഭയെ സമ്പന്നമാക്കണമെന്ന് നമുക്ക് തീഷ്ണതയോടെ പ്രാർത്ഥിക്കാം.

പിന്നെ അവൻ മലമുകളിലേയ്ക്ക് കയറി, തനിക്കിഷ്ടമുള്ളവരെ അടുത്തേയ്ക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേയ്ക്ക് ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു (മർക്കോ. 3:13-15).

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഈ ലോകത്തിൽ ദൈവഹിതം നിരന്തരം തെരഞ്ഞെടുത്ത് നിറവേറ്റുവാൻ വിളിക്കപ്പെട്ടവനാണ്. "ഞാൻ വന്നിരിക്കുന്നത് എന്റെ ഇഷ്ടം നിറവേറ്റുവാനല്ല. എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുവാനാണ്". ഇതായിരുന്നു ഈ ഭൂമിയിൽ യേശുവിന്റെ ജീവിതതത്വം. ഈ ഭൂമിയിലേക്ക് മനുഷ്യനായി പിറന്നുവീഴുന്ന ഓരോ വ്യക്തിയി

ലൂടെയും ദൈവത്തിന് നിറവേറ്റാൻ ഒരു ദൗത്യമുണ്ട്. ഈ ദൗത്യം തിരിച്ചറിയുക എന്നത് അർത്ഥപൂർണമായ ജീവിതത്തിന് അത്യന്താപേഷിതമാണ്. ദൈവവിളി ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നത് എന്നിലൂടെ ഈ ലോകത്തിൽ പൂർത്തിയാക്കേണ്ട ഒരു ദൈവഹിതമുണ്ട് എന്ന സത്യത്തെപ്പറ്റിയാണ്. കുടുംബജീവിതത്തിലേക്കുള്ള വിളി സ്വീകരിക്കുന്നവർ തങ്ങളിലൂടെ ഈ ലോകത്തിൽ ദൈവം ചെയ്യാനാഗ്രഹിക്കുന്ന കാര്യങ്ങൾ എന്തെന്ന് ധ്യാനപൂർവം തിരിച്ചറിയേണ്ടതുണ്ട്. ചിലരെ ദൈവം സമർപ്പണ ജീവിതത്തിലേക്കാണ് വിളിച്ചിരിക്കുന്നത്. സമ്പൂർണമായ സമർപ്പണത്തിലൂടെ അവരുടെ ജീവിതങ്ങളെ ദൈവം അനേകരുടെ നന്മയ്ക്കും രക്ഷയ്ക്കുമായി ഉപയോഗിക്കുന്നു. ഇത്തരം ശ്രേഷ്ഠമായ വിളികൾ അതീവശ്രദ്ധയോടെ കണ്ടെത്തുകയും പരിരക്ഷിക്കുകയും വളർത്തുകയും ചെയ്യേണ്ടതുണ്ട്. ചെറിയ പ്രായത്തിൽതന്നെ ഹൃദയങ്ങൾ മലിനമാക്കപ്പെടുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ദൈവികമായ കുടുംബാന്തരീക്ഷത്തിൽ വളർന്നുവരുന്ന കുഞ്ഞുങ്ങൾപോലും സൗഹൃദങ്ങളിലൂടെ തിന്മയിലേക്ക്, അശുദ്ധിയിലേക്ക് വഴുതിവീഴുന്നു. ഇപ്രകാരമുള്ള ലോകത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ദൈവവിളികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക മാതാപിതാക്കളുടെയും ഗുരുഭൂതരുടെയും മതാധ്യാപരുടെയും സമർപ്പിതരുടെയും കടമയാണ്.

ഏതൊരു കുട്ടിയുടെയും പ്രാഥമിക നിലപാടുകളെയും തീരുമാനങ്ങളെയും രൂപപ്പെടുത്തുന്നത് കുടുംബമാണ്. പരസ്പരസ്നേഹവും ദൈവാശ്രയവും അപരസേവനവും ആദ്യമായി കുട്ടികൾ പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്. കുട്ടികളിലെ ദൈവപദ്ധതി തിരിച്ചറിയുന്നതിനും പരിപോഷിപ്പിക്കുന്നതിനും മതാദ്ധ്യപകർക്കും ഗുരുജനങ്ങൾക്കും കടമയുണ്ട്, ഉത്തരവാദിത്വമുണ്ട്. ദൈവവിളിയോട് ക്രിയാത്മകമായി പ്രതികരിക്കാൻ കുട്ടികളെ പഠിപ്പിക്കേണ്ടത് അവരാണ്. തങ്ങളുടെ പെരുമാറ്റംവഴിയും സാക്ഷ്യംവഴിയും ഉദ്ബോധനം വഴിയും കുട്ടികളിൽ നല്ല വ്യക്തിത്വ വളർച്ചയ്ക്കും ആഴമുള്ള ആത്മീയതയ്ക്കും പുരോഹിതരും സന്യസ്തരും പ്രത്യേകമാംവിധം ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവവിളിയെക്കുറിച്ചും അതിന്റെ പ്രത്യുത്തരങ്ങളെക്കുറിച്ചും ഉറക്കെ ചിന്തിക്കുവാനും തുറന്ന് ചർച്ചചെയ്യാനുമുള്ള ഒരു വേദി ഒരുക്കികൊടുക്കണം. ദൈവവിളി സംസ്കാരത്തിന്റെ വക്താക്കളാകാൻ സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾക്ക് കഴിയണം. സഭയെയും സഭാമേലധികാരികളെയും പുരോഹിതരേയും സന്യസ്തരേയും സഭ

യുടെ നിലപാടുകളെയും ദുഷിച്ചുനടത്തുന്ന ഒരു പരിപാടിയിലും ദൈവവിളി പ്രോത്സാഹനം നടക്കില്ല.

ദൈവവിളി പ്രോൽസാഹനത്തിൽ നാം പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. ലൗകിക ചിന്തകൾ പ്രബലപ്പെട്ടിരിക്കുന്ന ഈ കാലത്ത് ലോകത്തിലെ വിജയവും ഭൗതിക സുഖങ്ങളും മാത്രമാണ് ശ്രേഷ്ഠമെന്ന് കുട്ടികൾ വിചാരിച്ച് പോകാൻ സാധ്യതയുണ്ട്. അതുകൊണ്ട് പൗരോഹിത്യ ജീവിതത്തിന്റെയും സന്യാസജീവിതത്തിന്റെയും ശ്രേഷ്ഠതയെപ്പറ്റിയും ആനന്ദത്തെപ്പറ്റിയും നമ്മുടെ കുട്ടികളോട് മാതാപിതാക്കളും മതാദ്ധ്യപകരും വൈദികരും സന്യസ്തരും അല്മായ പ്രേഷിതരും പറയണം. ദൈവവിളി പ്രോത്സാഹനം ആദ്യം തുടങ്ങേണ്ടത് ഈ കാര്യത്തിലാണ്. ഇങ്ങനെയുള്ള ചിന്തയും താൽപര്യവുമാണ് ആദ്യം കുട്ടികളുടെ മനസിലേക്ക് കൊടുക്കേണ്ടത്. തന്റെ ദൈവവിളിയെക്കുറിച്ച് ലിസ്യുവിലെ വി. കൊച്ചുത്രേസ്യ പറയുന്നു: 'എന്റെ ദൈവവിളി സ്നേഹമാണ്.' അതുകൊണ്ട് സമർപ്പണജീവിതത്തിന്റെ ശ്രേഷ്ഠത പങ്കുവയ്ക്കപ്പെടണം.
2. ദൈവവിളി പ്രോത്സാഹനം ഒരു ഗണത്തിന്റെ മാത്രം ജോലിയല്ല, അത് സഭ മുഴുവന്റെയും ജോലിയാണ്. ഇതിനായി പ്രാർത്ഥിക്കണം, ശ്രദ്ധിക്കണം, പ്രവർത്തിക്കണം. സഭയിലെ എല്ലാവരും ഈ ദൗത്യത്തിൽ ആത്മാർത്ഥമായും സത്യസന്ധമായും പ്രവർത്തിക്കേണ്ടതാണ്. ഇക്കാര്യം പണ്ട് എന്നതിനേക്കാൾ ഇന്ന് ഏറ്റം ആവശ്യമാണ്.
3. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കണം. ഈശോ ദൈവവിളിയെപ്പറ്റി പറയുന്ന സമയത്ത് ആഗ്രഹിക്കുന്നതും പറയുന്നതുമായ കാര്യം ദൈവവിളിക്കായി പ്രാർത്ഥിക്കണമെന്നാണ്. 'വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ' (മത്താ. 9:38). അതുകൊണ്ട് സഭാസമൂഹം നല്ല ദൈവവിളിക്കായി ആഗ്രഹിക്കണം, പ്രാർത്ഥിക്കണം. ബാക്കി കർത്താവ് ചെയ്യും. മനുഷ്യർക്കാർക്കും ദൈവവിളി ഉണ്ടാക്കാൻ സാദ്ധ്യമല്ല. അത് ദൈവദാനമാണ്. അതുകൊണ്ട് ദൈവവിളിക്കായി ത്യാഗം ചെയ്ത് പ്രാർത്ഥിക്കണം.
4. പുതിയ ദൈവവിളിക്കായി ശ്രമിക്കുന്നത് മാത്രമല്ല നിലവിലുള്ള

ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതും ദൈവവിളി പ്രോത്സാഹനത്തിന്റെ ഭാഗമാണ്. ഇടവകയിലെ വൈദികർക്കും സിസ്റ്റേഴ്സിനും വേണ്ടി പ്രാർത്ഥിക്കുകയും അവരെ ബലപ്പെടുത്തുകയും അവരെ പിൻതുണയ്ക്കുകയും അവരുടെ കൂടെ നിൽക്കുകയും ചെയ്യണം. അതും ദൈവവിളി പ്രോത്സാഹനമാണ്. ഇതുകാണുമ്പോൾ അനേകർക്ക് ദൈവവിളി സ്വീകരിക്കാനുള്ള പ്രേരണയും പ്രചോദനവുമാകും.

5. സമർപ്പിത ജീവിത്തിലേക്കുള്ള ദൈവവിളി പ്രോത്സാഹനം നടത്തുമ്പോൾ അതിന്റെ അർത്ഥം കുടുംബജീവിതം ഏതെങ്കിലും വിധത്തിൽ സമർപ്പണജീവിതത്തെക്കാൾ മോശമാണെന്നോ താഴെയാണെന്നോ അല്ല, മനുഷ്യർ വളരെ സ്വാഭാവികമായി കുടുംബജീവിതത്തിലേയ്ക്ക് കടന്നുവരുന്നുണ്ട്. എന്നാൽ അത്ര സ്വഭാവികമായി വരുന്നതല്ല സമർപ്പിത ജീവിതത്തിലേയ്ക്കുള്ള വിളി. അതുകൊണ്ട് സമർപ്പിത ജീവിതം കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. കുടുംബജീവിതം ഒട്ടും മോശമല്ല, ശ്രേഷ്ഠമാണ്.

6. ദൈവവിളി സ്വീകരിക്കുക എന്നത് ഒരു വിവേചനമാണ്, തിരിച്ചറിവാണ്. പരിശുദ്ധാത്മാവ് കൊടുക്കുന്ന പ്രേരണയിൽ ഒരു യുവാവ്/യുവതി തന്റെ ദൈവവിളി കുടുംബജീവിതത്തിലേക്കാണോ സമർപ്പണജീവിതത്തിലേക്കാണോ എന്ന് തിരിച്ചറിയുന്നു. അതിനനുയോജ്യമായ സാഹചര്യം കുടുംബത്തിലും, ഇടവകയിലും ഉണ്ടാകണം. അത് ഒരുക്കേണ്ടത് എല്ലാവരുടെയും കടമയാണ്.

ദൈവരാജ്യത്തിനുവേണ്ടി സർവ്വവും സമർപ്പിക്കാൻ കൊതിക്കുകയും സമൂഹത്തിനുവേണ്ടി നന്മകൾ ചെയ്ത് കടന്നുപോകണമെന്ന് വാശിപിടിക്കുകയും ചെയ്യുന്നവരുടെ ഹൃദയാഭിലാഷങ്ങളെ കോർത്തിണക്കാൻ ദൈവവിളി പ്രോൽസാഹനമേഖലയ്ക്ക് എന്നത്തേതുപോലെ ഇന്നും സാധിക്കുന്നുണ്ട്.

ദൈവവിളി പ്രോത്സാഹനാർത്ഥം സഭയിൽ ആകമാനവും, സമർപ്പിത സമൂഹങ്ങളിൽ പ്രത്യേകിച്ചും നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു. ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അത്യഭിവന്ദ്യ കാതോലിക്കാബാവായേയും, അഭിവന്ദ്യ പിതാക്കന്മാരെയും, വൈദികരേയും, സന്യസ്തരേയും, അല്മായ പ്രേഷിതരേയും നന്ദിയോടെ അനുസ്മരിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ പൗരോഹിത്യ-സന്യസ്ത ദൈവവിളികൾകൊണ്ട് സമ്പന്നമാകട്ടെ എന്ന് ഉള്ളുരുകി പ്രാർത്ഥിക്കാം. എല്ലാവർക്കും പെന്തിക്കോസ്തി തിരുന്നാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.

എന്ന്,
കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

**✠ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലിത്താ**
ചെയർമാൻ, ദൈവവിളിക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ,
പത്തനംതിട്ട ഭദ്രാസനത്തിന്റെ മെത്രാൻ.

16.05.2022
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B.: ഈ സർക്കുലർ 2022 മെയ് 29, ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കുകയും ഉചിതമായ മാർഗ്ഗങ്ങളിലൂടെ ജനങ്ങളെ അറിയിക്കുകയും ചെയ്യണം